# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :4268 — 12.11. 2019 ൽ മറുപടിക്ക്

## ഇ-സേഫ് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.അബ്ദുൾ ഹമീദ്.പി. | ശ്രീ.എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |

| | |
| --- | --- |
| (എ) വൈദ്യുതി അപകടങ്ങൾ ഒഴിവാക്കുന്നതിന് കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വിഭാഗവുമായി ചേർന്ന് ആവിഷ്കരിച്ച ഇ-സേഫ് പദ്ധതിയുടെ വിശദവിവരം നൽകാമോ;<br><br>(ബി) കെ.എസ്.ഇ.ബി. ലിമിറ്റഡ് ഫീൽഡ് വിഭാഗം ജീവനക്കാരുടെ സുരക്ഷയ്ക്കായി എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) വൈദ്യുത സുരക്ഷ ഉറപ്പ് വരുത്തുന്നതിന് പൊതുജനങ്ങളുടെ ഇടയിൽ സുരക്ഷിതമായി വൈദ്യുതി ഉപയോഗിക്കുന്നതിനുള്ള വിപുലമായ പ്രചാരണം സംഘടിപ്പിക്കുകയാണ് ഇ-സേഫ് പദ്ധതിയുടെ ലക്ഷ്യം. വൈദ്യുത ഉൽപ്പാദനം, പ്രസരണം, വിതരണം എന്നീ മേഖലകളിലെയും ഗാർഹിക മേഖലയിലേയും വൈദ്യുത അപകടം ഒഴിവാക്കുന്നതിനായി ലൈൻ നവീകരണം, ഉപകരണങ്ങളുടെ Quality check, സേഫ്റ്റി ഓഡിറ്റ്, ഡിജിറ്റൽ സുരക്ഷാ സേഫ് കരിയർ, സേഫ്റ്റി ട്രെയിനിംഗ്, സേഫ്റ്റി മോണിറ്ററിംഗ് തുടങ്ങിയ - പദ്ധതികളാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്.<br><br>(ബി) 1. എല്ലാ ലൈൻമാൻമാർക്കും സേഫ്റ്റി കിറ്റ്<br>വൈദ്യുത വിതരണ വിഭാഗത്തിലെ എല്ലാ ഓഫീസുകളിലെയും എല്ലാ ലൈൻമാൻമാർക്കും 14 ഇനം സുരക്ഷാ ഉപകരണങ്ങൾ അടങ്ങിയ സേഫ്റ്റി കിറ്റ് ഷോൾഡർ ബാഗോടുകൂടി ഉപയോഗിക്കുന്നതിനായി നൽകുന്ന പദ്ധതിയാണിത്. ഇത് പ്രകാരം എല്ലാ സെക്ഷനുകളിലെയും ലൈൻമാൻമാർക്ക് സേഫ്റ്റി കിറ്റ് വിതരണം പൂർത്തിയായിട്ടുണ്ട്.<br><br>2. കരാർ ജീവനക്കാർക്ക് സുരക്ഷാ ഉപകരണങ്ങൾ നൽകുന്ന പദ്ധതി.<br>കേരളത്തിലെ എല്ലാ സെക്ഷനുകളിലും പണിയെടുക്കുന്ന പെറ്റി കരാർ ജീവനക്കാർക്ക് ഫുൾ ബോഡി സേഫ്റ്റി ബെൽറ്റ്, സേഫ്റ്റി ഷൂസ്, സേഫ്റ്റി ഹെൽമെറ്റ്, ഗ്ലൗസ് തുടങ്ങിയ സുരക്ഷാ ഉപകരണങ്ങൾ നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>3. പരിശീലന പ്രവർത്തനങ്ങൾ<br>ഡി. ഒ ഫ്യൂസ് കെട്ടുന്നതിനും, Equi potential Bonding എന്നീ പ്രവൃത്തികൾ പൂർണ്ണ സുരക്ഷയിൽ ചെയ്യുന്നതിനായി ജീവനക്കാർക്ക് പരിശീലനം നൽകി, ലൈൻ ഡയഗ്രം അടക്കമുള്ള procedure എല്ലാ സെക്ഷൻ ഓഫീസുകളിലും സ്ഥാപിച്ചു<br><br>4. മേയ് ആദ്യ ആഴ്ച സുരക്ഷാവാരമായി സ്ക്രോൾ ന്യൂസ് കാണിച്ചു കൂടാതെ ഇതിനോടനുബന്ധിച്ച് എല്ലാ ഓഫീസുകളിലും 2019 മെയ് 1 |

| | |
|---|---|
| | മുതൽ 7 വരെ "വൈദ്യുതി സുരക്ഷാവാരാചരണം" ആചരിച്ചു. "സമ്പൂർണ്ണ സുരക്ഷാ വർഷം 2019" എന്ന ലോഗോ, "വൈദ്യുതി സുരക്ഷ നടപടികൾ പാലിക്കൂ, വൈദ്യുതി അപകടങ്ങൾ ഒഴിവാക്കൂ" എന്ന ബോർഡ് എല്ലാ ഓഫീസിലും സ്ഥാപിച്ചു<br><br>5. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി നിഷ്കർഷിക്കുന്ന നിലയിൽ ബോർഡിലെ എല്ലാ ഫീൽഡ് ജീവനക്കാർക്കും കരാർ ജീവനക്കാർക്കും സുരക്ഷാ പരിപാലനം ഉറപ്പുവരുത്തുന്നതുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ പരിശീലനം നൽകുന്നുണ്ട്. |
| (സി) ഡ്യൂട്ടിക്കിടെ അപകടമരണം സംഭവിക്കുന്ന ജീവനക്കാരുടെ ബന്ധുക്കൾക്ക് എന്ത് തുകയാണ് നഷ്ടപരിഹാരം നൽകാൻ വ്യവസ്ഥയുള്ളത് എന്ന് വ്യക്തമാക്കാമോ?- | (സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനുവേണ്ടി ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകട മരണം സംഭവിക്കുന്ന ബോർഡ് ജീവനക്കാർക്ക്/ കരാർ തൊഴിലാളിക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡ് കാലാകാലങ്ങളിൽ പ്രത്യേക ഉത്തരവുകൾ പ്രകാരം ബാധകമാക്കിയിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി ***1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം*** അനുസരിച്ച് നഷ്ടപരിഹാരം അനുവദിക്കപ്പെടുന്നതിന് അർഹതയുണ്ട്. പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ നഷ്ടപരിഹാരം 3,97,480/-രൂപ മുതൽ 9,14,160/- രൂപ വരെ ലഭിക്കുന്നതിനും ശവസംസ്കാര ചിലവിനായി 5000/- രൂപ ലഭിക്കുന്നതിനും പരേതരുടെ ആശ്രിതർക്ക് അർഹതയുണ്ട്. |

സെക്ഷൻ ഓഫീസർ